## ഗ്രീൻ കേരള എക്സ്പ്രസ്- അഭിപ്രായങ്ങളിലൂടെ

ജനകീയാസൂത്രണത്തിന്റെ കാര്യത്തിലായാലും, മറ്റ് വികസനപ്രവർത്തനങ്ങളുടെ കാര്യത്തിലായാലും പഞ്ചായത്തുകൾക്ക് ഒട്ടേറെ അനുഭവങ്ങളുണ്ട്. അവ ജനങ്ങൾക്ക് മുന്നിലെത്തിക്കാനൊരു വേദിയാണ് ഗ്രീൻ കേരള എക്സ്പ്രസിലൂടെ യാഥാർത്ഥ്യമാകുന്നത്. പഞ്ചായത്തുകളിൽ വികസനം എത്തുന്നില്ലെന്നുള്ള അഭിപ്രായങ്ങൾക്ക് പക്വതയെത്തിയ പഞ്ചായത്തുകൾ മറുപടി പറയുന്നതാണ് ഇവിടെ കാണാൻ സാധിക്കുന്നത്.



***ഡോ. ബി. ഇക്ബാൽ***
***പ്ലാനിംഗ് ബോർഡ് അംഗം***

ഗ്രീൻ കേരള എക്സ്പ്രസ് ഒരു നല്ല സംരംഭമാണ്. ഗ്രാമപഞ്ചായത്തുകൾ തോറും നടക്കുന്ന പല പ്രവർത്തികൾ അറിയാനും അതിലെ നന്മകൾ ഉൾക്കൊള്ളാനും അവസരം ഒരുക്കുന്നതാണ്. മറ്റ് പഞ്ചായത്തുകളുടെ മാതൃകകൾ സ്വീകരിക്കാനും ഉപകരിക്കും.



***ശ്രീമതി. കൊച്ചുറാണി മാത്യൂസ്***
***റീജണൽ ഡയറക്ടർ, സോഷ്യോ-ഇക്കണോമിക് യൂണിറ്റ്, കോട്ടയം***

പഞ്ചായത്തുകളുടെ സാങ്കേതികപരമായ വളർച്ചയും വികസനവും മറ്റുള്ളവർക്ക് പഠിക്കാനും മാതൃകയാക്കാനും സാധിക്കുമെന്നതാണ് ഗ്രീൻ കേരള എക്സ്പ്രസിന്റെ എടുത്തു പറയേണ്ട പ്രത്യേകത.



***ജി. വിജയരാഘവൻ***
***മുൻ സി ഇ ഒ, ടെക്നോപാർക്ക്***

'നാടു നന്നാവും' എന്നതാണ് ഗ്രീൻ കേരള എക്സ്പ്രസ് എന്ന ഈ പരിപാടിയുടെ പ്രധാന ഗുണമായി എനിക്ക് പറയാനുള്ളത്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർ അതിന്റെ ആശയം മുഴുവനായും ഉൽക്കൊള്ളുന്നു എന്നതും പഞ്ചായത്തുകളുടെ സഹകരണവും ഗ്രീൻ സോഷ്യൽ റിയാലിറ്റി ഷോയ്ക്ക് കരുത്തു പകരും.



**ശ്രീമതി കൽപന**
**സിനിമാ നടി**